14304
22/9/16

**കേരള സർക്കാർ**

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ് - ഓണാഘോഷം 2016 – തിരുവനന്തപുരം കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലുമുള്ള സർക്കാർ ഓഫീസുകൾ വൈദ്യുത ദീപാലങ്കാരം ചെയ്യുന്നതിനായി സ്വന്തം ഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ അനുമതി നൽകിയും ഈ പ്രദേശത്തെ ഉത്സവമേഖലയായി പ്രഖ്യാപിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിനോദസഞ്ചാര (ബി) വകുപ്പ്

സർക്കാർ ഉത്തരവ് (ആർ.റ്റി)നം.275/2016/ടൂറിസം                 തീയതി,തിരുവനന്തപുരം, 01/09/2016

---

പരാമർശം - ടൂറിസം ഡയറക്ടറുടെ 5.8.2016 ലെ എം.2-8500/2016 നമ്പർ കത്ത്

## ഉത്തരവ്

കേരള സർക്കാരിനു വേണ്ടി ടൂറിസം വകുപ്പ് ഓണാഘോഷ പരിപാടികൾ സംസ്ഥാനത്തൊട്ടാകെ എല്ലാ വർഷവും സംഘടിപ്പിച്ചു വരുന്നുണ്ട്. 2016 ലെ സംസ്ഥാനതല ഓണാഘോഷപരിപാടികൾ സെപ്റ്റംബർ 12 മുതൽ 18 വരെ തിരുവനന്തപുരത്ത് വിവിധ വേദികളിലായി നടത്തപ്പെടുകയാണ്. സംസ്ഥാനതല ഓണാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള പ്രദേശത്തെ ഇക്കാലയളവിലേക്ക്, ഉത്സവമേഖലയായി പ്രഖ്യാപിച്ചും കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരുവശത്തുമുള്ള സർക്കാർ ഓഫീസുകളിൽ വൈദ്യുതാലങ്കാരം ഏർപ്പെടുത്തുന്നതിന് എല്ലാ വകുപ്പ മേധാവികൾക്കും അനുമതി നൽകിയും ഉത്തരവാകുന്നു.

2. ഓണാഘോഷ പരിപാടികൾ ഭംഗിയാക്കുന്നതിനായി താഴെപ്പറയുന്ന ഉത്തരവുകൾ/ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. ഓണാഘോഷ പരിപാടികൾ വിജയകരമായി നടത്തുന്നതിന് കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരുവശത്തുമുള്ള സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നതിനോടൊപ്പം സ്വന്തം സ്ഥാപനങ്ങളിൽ ദീപാലങ്കാരം ഏർപ്പെടുത്തുവാനും അഭ്യർത്ഥിക്കുന്നു.

ii. കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള റോഡിനിരുവശത്തുമുള്ള സർക്കാർ സ്ഥാപനങ്ങളുടെ വകുപ്പു തലവന്മാർക്ക് 2016 ലെ ഓണാഘോഷത്തിന്റെ ഭാഗമായി അവരുടെ ഓഫീസുകളിൽ ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനായി മുൻ വർഷങ്ങളിലേതുപോലെ സ്വന്തം ഫണ്ടിൽ നിന്നും 1.50 ലക്ഷം രൂപ (ഒന്നര ലക്ഷം രൂപ മാത്രം) വരെ ചെലവഴിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

iii. പ്രസ്തുത റോഡിന്റെ ഇരുവശത്തുമുള്ള സ്വകാര്യ സ്ഥാപനങ്ങളും മറ്റ് സ്വയംഭരണസ്ഥാപനങ്ങളും സ്വന്തം ചെലവിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

iv. മേൽപ്പറഞ്ഞ കാലയളവിൽ ഉത്സവമേഖലയിൽ പ്രധാന റോഡിനിരുവശങ്ങളിലുമുള്ള കെട്ടിടങ്ങൾ/ തുറന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ എന്തെങ്കിലും ചടങ്ങുകളോ/പരിപാടികളോ നടത്തുന്നതിന് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ നിന്ന്/ടൂറിസം വകുപ്പിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ. വേണു.വി,**
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും / പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും / സെക്രട്ടറിമാർക്കും
എല്ലാ വകുപ്പുമേധാവികൾക്കും
ജില്ലാ കളക്ടർ, തിരുവനന്തപുരം
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾക്കും
എല്ലാ സ്വയംഭരണസ്ഥാപനങ്ങളുടെ മേധാവികൾക്കും
എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയയിൽ പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ പ്രചരണം പത്ര ദൃശ്യമാധ്യമങ്ങളിലൂടെ നൽകുന്നതിനും)
പൊതുഭരണ (എസ്.സി) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. സഹകരണവും ടൂറിസവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 31-08-2016.

ഫയൽ നം.135/ബി2/2016/ടൂറിസം — ഇനം നം: 250

വിഷയം : ടൂറിസം വകുപ്പ് - ഓണാഘോഷം 2016 - തിരുവനന്തപുരം കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള പ്രദേശം ഉത്സവ മേഖലയായി പ്രഖ്യാപിക്കുന്നതിനും വൈദ്യുതി ദീപാലങ്കാരം ഏർപ്പെടുത്തുന്നതിന് അനുമതി നൽകുന്നതും.

തീരുമാനം : കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെ ഉത്സവമേഖലയായിരിക്കും എന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ടൂറിസം വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | 135/ബി2/16/ടൂറിസം |
| 2. | വകുപ്പ് | ടൂറിസം (ബി) വകുപ്പ് |
| 3. | വിഷയം | ഓണാഘോഷം 2016– തിരുവനന്തപുരം കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള പ്രദേശം ഉത്സവമേഖലയായി പ്രഖ്യാപിക്കുന്നതിനും വൈദ്യുതി ദീപാലങ്കാരം ഏർപ്പെടുത്തുന്നതിന് അനുമതി നൽകുന്നതും-സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി; | 15.8.2016 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | അതെ<br>ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | ശ്രീമതി.കെ.സരസ്വതിഅമ്മ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്; | ഡോ.വേണു വി. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.8.2016 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | ശ്രീ. എസ്.എം.വിജയാനന്ദ്. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.8.2016 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | ശ്രീ. എ.സി.മൊയ്തീൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | 24.8.2016 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | 26.8.2016 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി; | 31.8.2016 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും; | സ.ഉ(ആർ.ടി)നം.275/2016/ടൂറിസം തീയതി 01.09.2016 |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2016 ലെ ഓണാഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരം കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള റോഡിനിരുവശത്തുമുള്ള സർക്കാർ ഓഫീസുകൾ വൈദ്യുത ദീപാലങ്കാരം ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പ് തലവന്മാർക്ക് അനുമതി നൽകുന്നതും ഈ പ്രദേശത്തെ ഉത്സവമേഖലയായി പ്രഖ്യാപിക്കുന്നതും സംബന്ധിച്ചാണ് ഈ കുറിപ്പ്.

കേരള സർക്കാരിന്റെ 2016 ലെ ഓണം വാരാഘോഷപരിപാടികൾ സെപ്റ്റംബർ 12 മുതൽ 18 വരെ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനതല ഓണാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരത്ത് ഉത്സവമേഖലയിൽ (കവടിയാർ മുതൽ കിഴക്കേക്കോട്ട വരെ) വരുന്ന സർക്കാർ ഓഫീസുകളിൽ വൈദ്യുതാലങ്കാരം ഏർപ്പെടുത്താറുണ്ട്. മുൻ വർഷങ്ങളിൽ പ്രധാന പാതയുടെ ഇരുവശങ്ങളിലുമുള്ള കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സ്വയംഭരണസ്ഥാപനങ്ങൾ എന്നിവയോട് ഓണം വാരാഘോഷപരിപാടികളിൽ പങ്കാളികളാകാനും അവരുടെ ഓഫീസ് കെട്ടിടങ്ങൾ വൈദ്യുതദീപാലങ്കാരം നടത്തി ആഘോഷപരിപാടികളോട് സഹകരിക്കുവാനും അഭ്യർത്ഥിച്ചിരുന്നു. ഓണാഘോഷത്തിന്റെ ഭാഗമായി വകുപ്പ തലവന്മാർക്ക് കവടിയാർ മുതൽ ഈസ്റ്റ് ഫോർട്ട് വരെയുള്ള പാതയുടെ ഇരുവശത്തുമുള്ള തങ്ങളുടെ ഓഫീസുകളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിന് പരമാവധി 1.50 ലക്ഷം രൂപ ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവായിരുന്നു. ഇതിന്റെ ഭാഗമായി സ്വന്തം ഫണ്ടിൽ നിന്നും 1.50 ലക്ഷം രൂപ വരെ ചെലവഴിക്കാനും അനുമതി നൽകിയിരുന്നു.

ഈ വർഷത്തെ ഓണാഘോഷ പരിപാടികളുടെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്.

1. കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള പ്രദേശം ഉത്സവമേഖലയായി പ്രഖ്യാപിക്കുക.
2. ഈ മേഖലയിൽ വരുന്ന ഗവണ്മെന്റ് ഓഫീസുകൾക്ക് സെപ്റ്റംബർ 12 മുതൽ 18 വരെ വൈദ്യുതദീപാലങ്കാരം നടത്തുന്നതിന് മുൻ വർഷത്തേതുപോലെ അനുമതി നല്കുക.

3. മേൽ കാലയളവിൽ ഉത്സവമേഖലയിലെ പ്രധാന റോഡിനിരുവശത്തുമുള്ള കെട്ടിടങ്ങൾ/ തുറന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ എന്തെങ്കിലും ഫങ്ഷനുകൾ/പ്രോഗ്രാമുകൾ നടത്തുന്നതിന് ടൂറിസം വകുപ്പിൽ നിന്നോ/തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നോ മുൻകൂർ അനുമതി തേടേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുക.

ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനിക്കേണ്ട കാര്യങ്ങൾ

(a) ഓണം വാരാഘോഷവുമായി ബന്ധപ്പെട്ട് സെപ്റ്റംബർ 12 മുതൽ 18 വരെ തിരുവനന്തപുരം കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള പ്രദേശത്തെ ഉത്സവമേഖലയായി പ്രഖ്യാപിക്കാമോ ?

(b) ഓണാഘോഷ പരിപാടികൾ വിജയകരമായി നടത്തുന്നതിന് കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള റോഡിന്റെ ഇരുവശത്തുമുള്ള സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നതിനോടൊപ്പം സ്വന്തം സ്ഥാപനങ്ങളിൽ ദീപാലങ്കാരം ഏർപ്പെടുത്തുവാനും അഭ്യർത്ഥിക്കാമോ ?

(c) കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള റോഡിനിരുവശത്തുമുള്ള സർക്കാർ സ്ഥാപനങ്ങളുടെ വകുപ്പ് തലവന്മാർക്ക് 2016 ലെ ഓണാഘോഷത്തിന്റെ ഭാഗമായി അവരുടെ ഓഫീസുകളിൽ ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനായി മുൻ വർഷങ്ങളിലേതുപോലെ സ്വന്തം ഫണ്ടിൽ നിന്നും 1.50 ലക്ഷം രൂപ വരെ ചിലവഴിക്കുന്നതിനുള്ള അനുമതി നല്കാമോ ?

(d) പ്രസ്തുത റോഡിന്റെ ഇരുവശത്തുമുള്ള സ്വകാര്യ സ്ഥാപനങ്ങളും മറ്റ് സ്വയംഭരണസ്ഥാപനങ്ങളും സ്വന്തം ചെലവിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കാമോ ?

(e) മേൽപ്പറഞ്ഞ കാലയളവിൽ ഉത്സവമേഖലയിൽ പ്രധാന റോഡിനിരുവശങ്ങളിലുമുള്ള കെട്ടിടങ്ങൾ/ തുറന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ എന്തെങ്കിലും ചടങ്ങുകളോ/പരിപാടികളോ നടത്തുന്നതിന് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ നിന്ന്/ടൂറിസം വകുപ്പിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യാമോ ?